28/02/2025

FRIDAY വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA


Chief Editor: Haripriya Devi (I/C) Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 28/02/2025

1. ചെറുധാന്യങ്ങളുടെ സവിശേഷതകളെ പൊതുസമൂഹത്തിന് പരിചയപ്പെടുത്തുന്നതിനും അവയിൽനിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നാട്ടിൽതന്നെ ലഭ്യമാക്കുന്നതിനുമായാണ് ആലപ്പുഴ ജില്ലയ്ക്ക് അനുവദിച്ച "മില്ലറ്റ് കഫേ" ദേവികുളങ്ങരയിൽ പ്രവർത്തനം ആരംഭിക്കുന്നത്. ദേവികുളങ്ങര ഇഷാസ് കൃഷിക്കൂട്ടത്തിൻ്റെ സംരംഭം എന്ന നിലയിൽ കൂട്ടുംവാതുക്കൽ പാലത്തിന് സമീപം ഇന്ന് (2025 ഫെബ്രുവരി 28 വെള്ളിയാഴ്ച) രാവിലെ 8.30 ന് കായംകുളം എം.എൽ.എ. അഡ്വ യു.പ്രതിഭയുടെ അദ്ധ്യക്ഷതയിൽ ചേരുന്ന സമ്മേളനത്തിൽ "മില്ലറ്റ് കഫേ' യുടെ ഉദ്ഘാടനം കൃഷിവകുപ്പ് മന്ത്രി പി. പ്രസാദ് നിർവ്വഹിക്കുന്നു.

തുടർന്ന് അമ്പലപ്പുഴ മണ്ഡലം കൃഷി ഉദ്ഘാടനം കൃഷി മന്ത്രി നിർവഹിക്കുന്നതാണ്`

2. കോട്ടയം ജില്ലയിൽ കടുത്തുരുത്തി കൂൺ ഗ്രാമം എന്ന സമഗ്ര പദ്ധതിയുടെ പ്രവർത്തന ഉദ്ഘാടനം പഞ്ചായത്ത്തല കൂൺ കൃഷിക്കൂട്ടങ്ങളുടെ രൂപീകരണ പ്രഖ്യാപനം, ലോഗോ പ്രകാശനം എന്നിവ ഇന്ന് (2025 ഫെബ്രുവരി മാസം 28-ാം തിയതി) രാവിലെ 11 മണിക്ക് കടുത്തുരുത്തി കടപ്പുരാൻ ഓഡിറ്റോറിയത്തിൽ വച്ച് ബഹു.എം.എൽ.എ. അഡ്വ.മോൻസ് ജോസഫ് അവർകളുടെ അധ്യക്ഷതയിൽ കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് ഉദ്ഘാടനം നിർവ്വഹിക്കുന്നു. ഇതിനോടനുബന്ധിച്ച് കൂൺകൃഷി എന്ന വിഷയത്തിൽ ഡോ. എ. വി. മാത്യു (റിട്ട. പ്രൊഫസർ, KAU), 2023 വർഷത്തെ മില്യണയർ ഫാർമർ അവാർഡ് ജേതാവ് ശ്രീ. രാഹുൽ ഗോവിന്ദ് എന്നിവർ നയിക്കുന്ന സെമിനാറും ഉണ്ടായിരിക്കും.

3. 2023-24, 2024-25 പദ്ധതി വർഷങ്ങളിൽ ഉൾപ്പെടുത്തി കൃഷിചെയ്ത ഗ്രാമവിള പദ്ധതി പ്രകാരം വിളവെടുത്ത ഇടവിള നടീൽവസ്തുക്കളുടെ സംഭരണവും 2025-26 ഗ്രാമവിള

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പദ്ധതിയുടെ പ്രഖ്യാപനവും ഇടവിള കിറ്റ് വിതരണ ഉദ്ഘാടനവും ഇന്ന് (2025 ഫെബ്രുവരി 28 വെള്ളിയാഴ്ച വൈകിട്ട് 5 മണിക്ക്) ആലപ്പുഴ ജില്ലയിലെ പത്തിയൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് അങ്കണത്തിൽ വച്ച് കായംകുളം എം.എൽ.എ. അഡ്വ. യു.പ്രതിഭയുടെ അദ്ധ്യക്ഷതയിൽ കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് ഉദ്ഘാടനം നിർവ്വഹിക്കുന്നു.

4. കാർഷിക മേഖലയിൽ ചെലവ് കുറഞ്ഞ രീതിയിൽ സൂക്ഷ്മ ജലസേചനം നടപ്പാക്കുന്നതിനുള്ള സംവിധാനങ്ങളായ ഡ്രിപ്, സ്പ്രിങ്ക്ളർ, മൈക്രോ സ്പ്രിങ്ക്ളർ, റെയ്ൻ ഗൺ തുടങ്ങിയവ സ്ഥാപിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. ചെറുകിട കർഷകർക്ക് അനുവദനീയ ചെലവിന്റെ 55 ശതമാനവും മറ്റു കർഷകർക്ക് 45 ശതമാനവും സാമ്പത്തിക ആനുകൂല്യം ലഭിക്കും. ഒരു ഗുണഭോക്താവിന് പരമാവധി അഞ്ച് ഹെക്ടർ കൃഷിക്ക് ആനുകൂല്യം ലഭിക്കും. അപേക്ഷകന്റെ ഫോട്ടോ, ആധാർ കാർഡിൻ്റെ കോപ്പി, നികുതി രസീതി, ബാങ്ക് പാസ്ബുക്കിൻ്റെ കോപ്പി, കൃഷി ഓഫീസറുടെ സാക്ഷ്യപത്രം തുടങ്ങിയ രേഖകൾ സഹിതമുള്ള അപേക്ഷ ജില്ലയിലെ കൃഷി അസിസ്റ്റൻ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സമർപ്പിക്കണം. ഫോൺ: 8606069173,9567748516.

5. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ജീനോം അനാലിസിസ് ലാബിൽ റിസർച്ച് അസോസിയേറ്റ് തസ്തികയിൽ താൽകാലികാടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ ബയോ ഇൻഫർമാറ്റിക്സ്/ കമ്പ്യൂട്ടേഷണൽ ബയോളജി ഇവയിലേതിലെങ്കിലും ഡോക്ടറൽ ബിരുദമുള്ളവരോ അല്ലെങ്കിൽ ബയോ ഇൻഫർമാറ്റിക്സ്/ ബയോസയൻസ് വിഷയങ്ങളിൽ ബിരുദാനന്തര ബിരുദവും ട്രാൻസ്ക്രിപ്റ്റോം, ഹോൾജീനോം, മെറ്റാജീനോം എന്നിവയിലേതിലെങ്കിലും

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

എൻ.ജി.എസ്. (NGS) ഡേറ്റ അനാലിസിസിൽ പ്രമുഖ സ്ഥാപനത്തിൽ മൂന്നുവർഷത്തെ ഗവേഷണ പരിചയമുള്ളവരോ ആയിരിക്കണം. അപേക്ഷകർക്ക് 2025 ജനുവരി 01 - ന് 35 വയസ്സ് കഴിയാൻ പാടില്ല. താൽപര്യമുള്ളവർ യോഗ്യതകളുടെയും പ്രവർത്തിപരിചയത്തിന്റെയും കോപ്പികൾ സഹിതം അപേക്ഷകൾ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ അസിസ്റ്റന്റ് സെക്രട്ടറി (റിസർച്ച്) യുടെ പേരിൽ 2025 മാർച്ച് 15- നു മുമ്പ് ലഭിക്കത്തക്കവണ്ണം ഇ മെയിൽ ചെയ്യുക. വിലാസം resadm@rubberboard.org.in കൂടുതൽ വിവരങ്ങൾക്ക് www.rubberboard.org.in സന്ദർശിക്കുക.

## പരിശീലന പരിപാടി

6. സെൻട്രൽ ഇൻസ്റ്റിട്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയുടെ (ഐസിഎആർ-സിഐഎഫ്ടി) ആഭിമുഖ്യത്തിൽ എറണാകുളം, തൃശ്ശൂർ, ആലപ്പുഴ, ഇടുക്കി, കോട്ടയം ജില്ലകളിൽ ഉൾപ്പെടുന്ന പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കായി മത്സ്യസംസ്ക്കരണ മേഖലയിൽ പുതിയ സംരംഭം തുടങ്ങുന്നതിനായി രണ്ടു ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. മാർച്ച് 11, 12 തീയതികളിൽ സിഐഎഫ്ടി ആസ്ഥാനമായ കൊച്ചിയിലാണ് പാരീലനം. തിരഞ്ഞെടുക്കുന്ന 25 പേർക്ക് പരിശീലനത്തിൽ പങ്കെടുക്കാം.പങ്കെടുക്കുന്നവരുടെ യാത്രാചിലവ്, ഭക്ഷണം, താമസം എന്നിവ ഐസിഎആർ-സിഐഎഫ്ടി വഹിക്കും. താൽപര്യമുള്ളവർ പേര്, വിലാസം, ഈ മേഖലയിൽ പ്രവർത്തിക്കാനുള്ള താൽപര്യം എന്നിവ ഉൾപ്പെടുത്തി അതത് ജില്ലകളിലെ പട്ടികവർഗ്ഗ ഓഫീസർ മുഖാന്തിരം ഫെബ്രുവരി 25 നകം അപേക്ഷ സമർപ്പിക്കണം. ഫോൺ: 0484 2412382.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം